എരുമേലി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യകേന്ദ്രമായി ഉയർത്താൻ നടപടി

141. [1322] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് മികച്ച ചികിൽസാ സൗകര്യം നൽകാൻ എരുമേലി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യകേന്ദ്രമായി ഉയർത്താൻ ഉള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എരുമേലിയിൽ ഹോമിയോ ആശുപത്രി തുടങ്ങാൻ നടപടി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(സി) എരുമേലിയിലെ ആയുർവേദ ആശുപത്രിക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19/11/95-ലെ സർക്കാർ ഉത്തരവ് നംബർ ജി.ഒ. (ആർ റ്റി.) 4087/95 ആ.കു.വ. പ്രകാരം എരുമേലി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യകേന്ദ്രമായി ഉയർത്തിക്കഴിഞ്ഞു. ആവശ്യമായ തസ്തികകളും സൃഷ്ടിച്ചു.

(ബി) 18-11-1995 ലെ സർക്കാർ ഉത്തരവ് നമ്പർ. ജി.ഒ. (എംഎസ്.) 520/95/ആ.കു.വ. പ്രകാരം എരുമേലിയിൽ ഒരു ഹോമിയോ ആശുപത്രി അനുവദിച്ചിട്ടുണ്ട്.

(സി) എരുമേലി ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്വന്തമായി സ്ഥലം ഡിപ്പാർട്ടുമെൻറിന് ലഭിച്ചിട്ടില്ല. (പഞ്ചായത്ത്രാജ് നിലവിൽവന്ന സാഹചര്യത്തിൽ) സ്ഥലം ലഭ്യമാക്കേണ്ടത് പഞ്ചായത്താണ്. സ്ഥലം ലഭ്യമായാൽ ധനലഭ്യത അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി

142 [1323] ശ്രീ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിൽ പുതിയ തസ്തികകൾ അനുദിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിനോടനുബന്ധിച്ച് പണി പൂർത്തിയാക്കിയിട്ടുള്ള പുതിയ കെടിടം രോഗികൾക്ക് തുറന്നു കൊടുക്കുവാനുള്ള കാലതാമസം എന്താണെന്നു വ്യക്തമാക്കാമോ;

(സി) മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിലേക്ക് ഏതെല്ലാം പുതിയ തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly